## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1780 — 22/03/2012 – ൽ മറുപടിയ്ക്ക്

**<u>തടവിൽ കഴിഞ്ഞിരുന്ന ശ്രീ.ആർ. ബാലകൃഷ്ണപിള്ളയുടെ ഫോൺവിളി</u>**

<u>ചോദ്യം</u>
ശ്രീ. പി.കെ.ഗുരുദാസൻ
ശ്രീമതി.പി.അയിഷാ പോറ്റി
ശ്രീ.രാജു എബ്രഹാം
ശ്രീ.കെ.സുരേഷ് കുറുപ്പ്

<u>ഉത്തരം</u>
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| (എ).സുപ്രീം കോടതിവിധി പ്രകാരം കഠിന തടവിനു ശിക്ഷിക്കപ്പെട്ട് തടവിൽ കഴിഞ്ഞിരുന്ന ശ്രീ.ആർ.ബാലകൃഷ്ണപിള്ള മുഖ്യമന്ത്രിയെ ഫോണിൽ വിളിച്ച് ഭരണകാര്യങ്ങളിൽ ഇടപെട്ടതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ യും ബി യും) :തടവിൽ കഴിഞ്ഞിരുന്ന ശ്രീ.ആർ.ബാലകൃഷ്ണപിള്ള മൊബൈൽ ഫോണിൽ വിളിച്ച് ഭരണകാര്യങ്ങളിൽ ഇടപെട്ടതായിശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ അതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ 'റിപ്പോർട്ടർ' ചാനൽ റിപ്പോർട്ടർ ശ്രീ.ആർ.ബാലകൃഷ്ണപിള്ളയുടെ സഹായി മുഖാന്തിരം ശ്രീ.ആർ.ബാലകൃഷ്ണപിള്ളയെ ഫോണിൽ ബന്ധപ്പെട്ടിട്ടുണ്ട്. |
| (ബി).അന്വേഷണ റിപ്പോർട്ട് സർക്കാരിനു ലഭിക്കുകയുണ്ടായോ; | |
| (സി). തടവിലിരിക്കെ ശ്രീ.ബാലകൃഷ്ണപിള്ള ഏതെല്ലാം മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരെയും ഫോണിൽ വിളിച്ചതായിട്ടാണ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളത്;തടവുകാരന് നിയമവിരുദ്ധമായി സൗകര്യം ചെയ്തുകൊടുത്തവർക്കെതിരെ എന്തുനടപടി സ്വീകരിക്കുകയുണ്ടായി; | (സി യും ഡി) യും) ശ്രീ.ബാലകൃഷ്ണപിള്ള മൊബൈൽ ഫോൺ ഉപയോഗിച്ചതിന് ജയിൽ ഉദ്യോഗസ്ഥർ ആരെങ്കിലും ഒത്താശ ചെയ്തിരുന്നതായി തെളിവുകൾ ലഭിച്ചിട്ടില്ല. ആയതിനാൽ ഫോൺ വിളിച്ചതു സംബന്ധിച്ച് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. എങ്കിലും മൊബൈൽ ഫോൺ ജാമറുകൾ ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കുവാനും അനധികൃതമായി ജയിൽ പുള്ളികൾ ടെലിഫോൺ കൈവശം വച്ചിരിക്കുന്നുണ്ടെങ്കിൽ കണ്ട് കെട്ടുവാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ഡി) . അന്വേഷണ റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | |

സെക്ഷൻ ആഫീസർ